## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1244

03 .12.2015-ൽ
മറുപടിയ്ക്ക്

# 'ഭൂമിയുടെ ഫെയർ വാല്യു'

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) ഫെയർ വാല്യു നിശ്ചയിക്കാത്തതുമൂലം സ്ഥലം കൈമാറ്റം വൈകുന്നത് അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ; | (എ) ന്യായവില നിശ്ചയിക്കേണ്ട കേസുകളിൽ ബന്ധപ്പെട്ട കക്ഷികൾ റവന്യു ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ന്യായവില സമയബന്ധിതമായി നിശ്ചയിച്ചു വരുന്നു. |
| (ബി) ഒരു സ്ഥലത്തിൻെറ ഫെയർ വാല്യു പുതുതായി നിശ്ചയിച്ച് കിട്ടുന്നതിന് എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് പറയാമോ, ആലപ്പുഴ ജില്ലയിൽ ഇപ്രകാരം ഫെയർ വാല്യു നിശ്ചയിച്ചു കിട്ടുന്നതിനുള്ള എത്ര അപേക്ഷകൾ നടപടി പൂർത്തിയാകാതെയുണ്ടെന്ന് പറയാമോ; | (ബി) ഫോം -ബി-യിൽ 25 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സമർപ്പിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ മുഖേന അന്വേഷണം നടത്തി ന്യായവില നിശ്ചയിച്ചു വരുന്നു. ന്യായവില നിശ്ചയിക്കുവാനുള്ള 75 അപേക്ഷകൾ ആലപ്പുഴ ജില്ലയിലെ ആലപ്പുഴ, ചെങ്ങന്നൂർ റവന്യു ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്. ആയതിൽ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) ഭൂമിയുടെ ഫെയർ വാല്യു നിശ്ചയിച്ച് കിട്ടുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഒരു നിശ്ചിത തീയതിയ്ക്കുള്ളിൽ നടപടി പൂർത്തിയാക്കി നൽകുന്നതിന് സർക്കാർ ഉത്തരവിറക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ